പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 352 **13-10-2026-ൽ മറുപടിയ്ക്ക്**

അകലാട് സ്വദേശിക്കെതിരെയുള്ള പരാതികളിലെ അന്വേഷണ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ശ്രീ. സനോജ് ശിവജി ഗായക്വാദ്, അകലാട് സ്വദേശി സുനീർ നൂറു (S/o അലി, വട്ടംപറമ്പിൽ ഹൗസ്) എന്നിവർക്കെതിരെ എം.എൽ.എ. മുഖേന ആഭ്യന്തര വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൽ (കത്ത് നമ്പർ: 3801/2026/മിനിസ്റ്റർ ഹോം, കയർ, വിജിലൻസ്) ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

മറുപടി: ശ്രീ. സനോജ് ശിവജി ഗായക് വാദ് എന്നയാളുടെ പരാതിയിൽ അകലാട് സ്വദേശി സുനീർ നൂറു എന്നയാൾക്കെതിരെ ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ ക്രൈം. 399/2026 U/s 316(2), 318 (4) BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(ബി) മേൽപ്പറഞ്ഞ സുനീർ നൂറു എന്നയാൾക്കെതിരെ കാപ്പ നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; ടിയാനെതിരെ പുതിയതായി വഞ്ചനാ കേസുകളോ പരാതികളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

മറുപടി: സുനീർ നൂറു എന്നയാൾക്കെതിരെ 2019 ൽ കാപ്പാ 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് ഉത്തരവായതിനെ തുടർന്ന് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതും 11.06.2019 തീയതി ബഹു കേരള ഹൈക്കോടതി കാപ്പാ 3(1) നടപടികൾ റദ്ദ് ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് 2024 ൽ കാപ്പാ 15(1) നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് വടക്കേക്കാട് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ റിപ്പോർട്ട് സമർപ്പിച്ചിരുന്നതും കാപ്പാ അഡ്വൈസറി ബോർഡ് പ്രസ്തുത റിപ്പോർട്ട് നിരസിച്ചിട്ടുള്ളതുമാണ്. സുനീർ നൂറുവിനെതിരെ രാജേഷ് എന്നയാളുടെ പരാതിയിൽ ചാവക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 849/2026 U/S 318(4) BNS പ്രകാരം മറ്റൊരു കേസ് കൂടി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

(സി) പ്രസ്തുത വ്യക്തിക്കെതിരെയുള്ള പരാതികളിൽ സമയബന്ധിതമായി നടപടി എടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: ഉണ്ട്. പരിശോധനയിൽ, സുനീർ നൂറുനെതിരെയുള്ള പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ